"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ജി.ജി ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം - എൻ.എച്ച്. ബൈപ്പാസ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 463/09 നമ്പർ കേസിന്റെ ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1820/2025/LSGD തീയതി,തിരുവനന്തപുരം, 23-07-2025**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ. 463/2009 & 437/2009 നമ്പർ കേസുകളിന്മേലുള്ള 31/10/2012 തീയതിയിലെ പൊതുവിധിന്യായം.
2. സ.ഉ.(സാധാ) നം. 4512/2015/റവ, തീയതി, 24/08/2015.
3. സ.ഉ.(പി) നം. 32/2019/ധന, തീയതി, 18/03/2019.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 10/08/2023 തീയതിയിലെ എ3/1491/2009/ട്രിഡ നമ്പർ കത്ത്.
5. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 23/04/2025 തീയതിയിലെ കെ10-17849/13 നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം - എൻ. എച്ച്. ബൈപ്പാസ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 463/2009 നമ്പർ കേസിൽ അടിയന്തര സാഹചര്യം പരിഗണിച്ച് പരാമർശം (2) പ്രകാരം റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ചിരുന്ന 10,86,044/- രൂപ (പത്ത് ലക്ഷത്തി എൺപത്തിയാറായായിരത്തി നാല്പത്തിനാല് രൂപ മാത്രം) റവന്യൂ വകുപ്പിലേക്ക് റിക്കൂപ്പ് ചെയ്യുന്നതിനും ടി എൽ.എ.ആർ. കേസിലെ ബാലൻസ് വിധിക്കടത്തുകയായ 93,946/- രൂപ (തൊണ്ണൂറ്റിമൂന്നായിരത്തി തൊള്ളായിരത്തി നാല്പത്തിയാറ് രൂപ മാത്രം) ടി കേസിലെ കക്ഷിക്ക് നല്കുന്നതിനുമായി ആകെ 11,79,990/- രൂപ (പതിനൊന്ന് ലക്ഷത്തി എഴുപത്തിയൊമ്പതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ് രൂപ മാത്രം) അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (4), (5) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന

പദ്ധതിയുടെ ഭാഗമായി ജി.ജി ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം - എൻ.എച്ച്. ബൈപ്പാസ് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ കടകംപ്പള്ളി വില്ലേജിൽ സർവ്വേ നം. 1781/1-1 (എൽ.എ.റീ.സർവ്വേ നം. 215/4)-ൽ ഉൾപ്പെട്ട 0.35 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 463/2009 നമ്പർ കേസിൽ അടിയന്തര സാഹചര്യം പരിഗണിച്ച് റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ചിരുന്ന 10,86,044/- രൂപ (പത്ത് ലക്ഷത്തി എൺപത്തിയാറായിരത്തി നാല്പത്തിനാല് രൂപ മാത്രം) 2075-00-800-05 എന്ന ശീഷകത്തിലേക്ക് റിക്കുപ്പ് ചെയ്യുന്നതിനും ടി കേസിലെ ബാലൻസ് തുകയായ 93,946/- രൂപ (തൊണ്ണൂറ്റിമൂന്നായിരത്തി തൊള്ളായിരത്തി നാല്പത്തിയാറ് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീ. കെ. നടരാജന് അനുവദിക്കുന്നതിനുമായി ആകെ 11,79,990/- രൂപ (പതിനൊന്ന് ലക്ഷത്തി എഴുപത്തിയൊമ്പതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ് രൂപ മാത്രം) '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. കെ. നടരാജൻ, നിഷാലയം, വെൺപാലവട്ടം, ആനയറ പി.ഒ., തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന)
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/377/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 26-07-2025 10:31:51
സെക്ഷൻ ഓഫീസർ